"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്-സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടക്കേണ്ടുന്ന വസ്തു നികുതിയുടെ പിഴപലിശ 31.12.2022 വരെ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2467/2022/LSGD തീയതി,തിരുവനന്തപുരം, 12-10-2022

---

പരാമർശം:- 17.01.2022-ലെ സ. ഉ (സാധാ) നം. 1690/2021/2022 നമ്പർ സർക്കാർ ഉത്തരവ്.

**<u>ഉത്തരവ്</u>**

കോവിഡ് 19 വ്യാപനം തുടർന്നു വന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ അനുഭവിക്കുന്ന സാമ്പത്തിക പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി പരാമർശത്തിലെ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വസ്തു നികുതി പിഴ കൂടാതെ അടയ്ക്കുന്നതിനുള്ള അവസാന തീയതി 31.03.2022 വരെ നീട്ടി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) കോവിഡ് പ്രതിസന്ധി മൂലമുള്ള സാമ്പത്തിക പ്രയാസങ്ങൾ പൊതുജനങ്ങളിൽ നിലനിൽക്കുന്നതിനാൽ ആയത് ലഘൂകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വസ്തു നികുതിയുടെ പിഴപലിശ 31.12.2022 വരെ ഒഴിവാക്കിക്കൊണ്ടും, ഇതിനോടകം പിഴപലിശ ഒടുക്കിയവർക്ക് ആയത് വരും വർഷത്തെ നികുതി തുകയിൽ ക്രമീകരണം നടത്തുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും(ബന്ധപ്പെട്ട ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ്II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (തസ്വഭവ-ആർ സി 2/308/2022-തസ്വഭവ)

ഉത്തരവിൻ പ്രകാരം

**Signed by Pradeesh M**
**Date: 12-10-2022 13:13:56**

സെക്ഷൻ ഓഫീസർ